സൂറഃ-9

# അത്തൗബ

يُرِيدُونَ أَن يُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَيَأْبَى ٱللَّهُ إِلَّآ أَن يُتِمَّ نُورَهُۥ وَلَوْ كَرِهَ ٱلْكَـٰفِرُونَ ﴿٣٢﴾

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٣٣﴾

**32.** അല്ലാഹുവിന്റെ വെളിച്ചം വായ് കൊണ്ട് ഊതിക്കെടുത്താൻ നോക്കുകയാണവർ. അല്ലാഹുവോ, അവന്റെ വെളിച്ചം പൂർത്തീകരിക്കാതെ സമ്മതിക്കില്ല തന്നെ- വെളിച്ചം നിരാകരിക്കുന്നവർക്ക് അതെത്ര അരോചകമായിരുന്നാലും.

**33.** അവനാകുന്നു തന്റെ ദൂതനെ സന്മാർഗവും സത്യദീനുമായി നിയോഗിച്ചിട്ടുള്ളത്; അതിനെ മറ്റെല്ലാ ദീനുകളെക്കാളും തെളിയിച്ചു കാട്ടാൻ- ബഹുദൈവാരാധകർക്ക് അതെത്ര അരോചകമായിരുന്നാലും.

يُرِيدُونَ= അവർ ഉദ്ദേശിക്കുന്നു (നോക്കുകയാണവർ) أَن يُطْفِـُٔوا۟= അവർ (ഊതി) കെടുത്താൻ نُورَ ٱللَّهِ= അല്ലാഹുവിന്റെ വെളിച്ചത്തെ
بِأَفْوَٰهِهِمْ= അവരുടെ വായകൾ കൊണ്ട് وَيَأْبَى ٱللَّهُ= അല്ലാഹു സമ്മതിക്കുകയില്ല(തന്നെ)
إِلَّآ أَن يُتِمَّ نُورَهُۥ= അവന്റെ വെളിച്ചത്തെ പൂർത്തീകരിക്കൽ അല്ലാതെ
وَلَوْ كَرِهَ ٱلْكَـٰفِرُونَ= നിഷേധിക്കുന്നവർ വെറുത്താലും(വെളിച്ചം നിരാകരിക്കുന്നവർക്ക് എത്ര അരോചകമായിരുന്നാലും)
هُوَ ٱلَّذِىٓ أَرْسَلَ= അയച്ചിട്ടുള്ളത് അവനാകുന്നു رَسُولَهُۥ= (തന്റെ)അവന്റെ ദൂതനെ بِٱلْهُدَىٰ= സന്മാർഗവുമായി
وَدِينِ ٱلْحَقِّ= സത്യദീനുമായും لِيُظْهِرَهُۥ= അതിനെ വെളിപ്പെടുത്താൻ, വിജയിപ്പിക്കാൻ (തെളിയിച്ചുകാട്ടാൻ)
عَلَى ٱلدِّينِ كُلِّهِۦ= (മറ്റു) എല്ലാ ദീനുകളേക്കാളും
وَلَوْ كَرِهَ ٱلْمُشْرِكُونَ= അത് വെറുത്താലും ബഹുദൈവാരാധകർ(ക്ക് അതെത്ര അരോചകമായിരുന്നാലും)

**32:** അല്ലാഹുവിലും അന്ത്യദിനത്തിലും ശരിയാംവണ്ണം വിശ്വസിക്കുകയോ അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിക്കുകയോ സത്യദീനിനെ ജീവിതസരണിയായി അംഗീകരിക്കുകയോ ചെയ്യാത്ത ഇതര മതസ്ഥരെക്കുറിച്ചുള്ള പ്രഭാഷണം തുടരുകയാണ്. ഇന്നിന്നവർ ദൈവത്തിന്റെ മക്കളാണ്, കുടുംബങ്ങളാണ് എന്നൊക്കെ വാദിക്കുകയും അല്ലാഹുവിനെ വെടിഞ്ഞ് ആ ബന്ധങ്ങളെ ഉപാസിച്ചാൽ ഇഹപരമോക്ഷം നേടാമെന്ന് വ്യാമോഹിക്കുകയും ചെയ്യുന്നവർ യാതൊരു അടിസ്ഥാനവുമില്ലാത്ത കപോല കൽപനകൾ കൊണ്ട് സത്യദീനാകുന്ന ദൈവിക വെളിച്ചത്തെ ഊതിക്കെടുത്താൻ നോക്കുകയാണ്. പക്ഷേ, അവർ ഊതിയാൽ കെട്ടുപോകുന്ന ഒരു തിരിയല്ല ഇത്. ഇത് അല്ലാഹുവിന്റെ വെളിച്ചമാണ്. ആളുകൾ ഒഴിച്ചുവെച്ച എണ്ണ കൊണ്ടോ തെറുത്തുവെച്ച തിരി കൊണ്ടോ അല്ല അത് പ്രകാശിക്കുന്നത്. അല്ലാഹുവിന്റെ വെളിച്ചം അവൻ പ്രസരിപ്പിക്കാൻ തീരുമാനിച്ചാൽ ആരാലും കെടുത്താനാവില്ല. ആരൊക്കെ എങ്ങനെയൊക്കെ ഊതിക്കെടുത്താൻ നോക്കിയാലും അല്ലാഹു അവന്റെ പ്രകാശം പൂർണമായി തെളിയിക്കുകതന്നെ ചെയ്യും. അതിനാൽ സൂര്യചന്ദ്രന്മാരെ ഊതികെടുത്താൻ ശ്രമിക്കുന്നതിനേക്കാൾ ബാലിശമാണ് സത്യദീനിനെ തമസ്കരിക്കാനുള്ള ശ്രമം. വചന പശ്ചാത്തലത്തിലുള്ളത് വേദക്കാരാണെങ്കിലും, ഇസ്‌ലാമിനെ ഇല്ലാതാക്കാനാഗ്രഹിക്കുന്ന എല്ലാ മതവിഭാഗങ്ങളുടെയും മതേതര പ്രസ്ഥാനങ്ങളുടെയും കാര്യത്തിൽ സാധുവാണിതിന്റെ ആശയം.

نُورَ ٱللَّهِ (അല്ലാഹുവിന്റെ വെളിച്ചം) എന്നതുകൊണ്ട് ഉദ്ദേശ്യം ദീനുൽ ഇസ്‌ലാമാണെന്നും അന്ത്യപ്രവാചകനാണെന്നും ഖുർആൻ ആണെന്നും വ്യാഖ്യാന വൈവിധ്യങ്ങളുണ്ട്. ദീനുൽ ഇസ്‌ലാം ആണെന്ന് കരുതുന്നതാണ് കൂടുതൽ യുക്തം. പ്രവാചകനും ഖുർആനും അതിൽ ഉൾപ്പെടുന്നുണ്ട്. വെളിച്ചം പ്രവാചകനാണെന്ന് വ്യാഖ്യാനിച്ചവർ, വേദക്കാർ പ്രവാചകനെതിരെ ഉന്നയിച്ച ആക്ഷേപ വിമർശനങ്ങളെയും വധശ്രമം ഉൾപ്പെടെയുള്ള ഉപജാപങ്ങളെയുമാണ് കെടുത്തികളയാനുള്ള ഊത്തായി കാണുന്നത്. അല്ലാഹുവിന്റെ വെളിച്ചം ഖുർആൻ ആണെന്ന് വ്യാഖ്യാനിക്കുന്നവർ ഖുർആനെതിരിലുന്നയിക്കപ്പെട്ട വിമർശനങ്ങളെയും. സ്വന്തം വേദഗ്രന്ഥങ്ങൾ ഖുർആന്റെയും അന്ത്യപ്രവാചകന്റെയും ആഗമനം സംബന്ധിച്ചു നൽകുന്ന പ്രവച

നങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതും അക്കൂട്ടത്തിൽ പെടുന്നു. വെളിച്ചത്തെ ദീൻ എന്നു വ്യാഖ്യാനിക്കുന്നവരുടെ വീക്ഷണത്തിൽ, ഇസ്‌ലാംവിരുദ്ധ ശക്തികൾ ഇസ്‌ലാമിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിന്റെ അജയ്യമായ വെളിച്ചത്തെ വായകൊണ്ട് ഊതിക്കെടുത്താനുള്ള ശ്രമമാണ്. അതൊന്നും വിജയിക്കാൻ പോകുന്നില്ല. അല്ലാഹുവിന്റെ വെളിച്ചം എന്നും ജ്വലിച്ചുതന്നെ നിൽക്കും.

മൂന്നു വ്യാഖ്യാനങ്ങളെയും സാധൂകരിക്കുന്ന ഖുർആൻ വാക്യങ്ങളുണ്ട്. പ്രവാചകനെ വെളിച്ചം എന്നു വിശേഷിപ്പിച്ചുകൊണ്ട് പറയുന്നു: قَدْ جَآءَكُم مِّنَ ٱللَّهِ نُورٌ وَكِتَـٰبٌ مُّبِينٌ (നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഒരു പ്രകാശവും തെളിഞ്ഞ വേദവും വന്നുകഴിഞ്ഞിരിക്കുന്നു - *അൽ മാഇദ* 15). ഖുർആനെ വെളിച്ചം എന്നു വിശേഷിപ്പിച്ചുകൊണ്ട് പറയുന്നു: وَأَنزَلْنَآ إِلَيْكُمْ نُورًا مُّبِينًا (നാം നിങ്ങൾക്ക് തെളിഞ്ഞ പ്രകാശം അവതരിപ്പിച്ചുതന്നിരിക്കുന്നു- *അന്നിസാഅ്* 174). ദീൻ ആവട്ടെ ഈ രണ്ടു വെളിച്ചങ്ങളെയും ഉൾക്കൊള്ളുന്നതാണ്.

**33:** അവിശ്വാസികൾക്കും അധർമികൾക്കും ഈ ദീനിനെ പരാജയപ്പെടുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് ഒരിക്കൽ കൂടി വ്യക്തമാക്കുകയാണ്: ഇത് സത്യമായ സന്മാർഗമാണ്, യഥാർഥമായ ജീവിത സരണിയാണ്. സത്യത്തിന്റെയും സന്മാർഗത്തിന്റെയും ഉറവിടമായ അല്ലാഹു തെരഞ്ഞെടുത്ത ദൂതനിലൂടെ മനുഷ്യർക്കെത്തിച്ചിട്ടുള്ള ധർമശാസനമാണിത്. ആരെങ്കിലും ഊതിയാൽ കെട്ടുപോകാനല്ല ഇതവതരിപ്പിച്ചിട്ടുള്ളത്, മറിച്ച് ലോകത്തുള്ള സകല അസത്യ ദീനുകളെയും അതിജയിച്ചുനിൽക്കാനാണ്. പരാജയപ്പെടണമെന്നും നശിച്ചു പോകണമെന്നും ബഹുദൈവാരാധകർ എത്രതന്നെ കൊതിച്ചാലും ശരി, അതിനുവേണ്ടി എന്തൊക്കെ പ്രവർത്തിച്ചാലും ശരി, പ്രതിലോമശക്തികളെയെല്ലാം അതിജയിച്ചുകൊണ്ട് സത്യാന്വേഷികൾക്കും സന്മാർഗ സ്നേഹികൾക്കും തെളിഞ്ഞ വെളിച്ചമായി എന്നും ഈ ദീൻ നിലനിൽക്കുകതന്നെ ചെയ്യും. മുൻ സൂക്തത്തിൽ ٱلْكَـٰفِرُونَ (വെളിച്ചത്തെ നിരാകരിക്കുന്നവർ) കൊണ്ടുദ്ദേശ്യം വൈദിക മതവിഭാഗങ്ങളായിരുന്നു. ഇവിടെ ٱلْمُشْرِكُونَ കൊണ്ടുദ്ദേശ്യം അറേബ്യൻ വിഗ്രഹാരാധകരാണ്. ഇസ്‌ലാമിനെ നശിപ്പിക്കാനുള്ള ശ്രമത്തിൽ വേദക്കാരെന്നപോലെ വിഗ്രഹാരാധകരും വിജയിക്കാൻ പോകുന്നില്ല എന്നാണ് താൽപര്യം.

اَظْهَرَ യുടെ ഭാവികാല കർത്തരി വചനമാണ് يُظْهِرُ. ഈ സൂറയുടെ 4-ാം സൂക്തത്തിനു താഴെ ഈ പദത്തിന്റെ അർഥം വിശദീകരിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ لِيُظْهِرَهُۥ എന്നതിനെ 'അതിനെ വിജയിപ്പിക്കാൻ' എന്നും തർജമ ചെയ്യാവുന്നതാണ്. അധിക പരിഭാഷകരും സ്വീകരിച്ചിട്ടുള്ളത് ആ അർഥമാണ്. 'വിജയിപ്പിക്കാൻ' എന്ന് അർഥം നൽകിയിട്ടുള്ളവരിൽതന്നെ പലരും അതിന്റെ വിവക്ഷ സൈനികമോ രാഷ്ട്രീയമോ ആയ വിജയമല്ലെന്നും, അംഗീകൃതമായ പ്രമാണങ്ങളുടെയും യുക്തിപരമായ തെളിവുകളുടെയും അന്യൂനമായ നിലനിൽപിന്റെയും അടിസ്ഥാനത്തിലുള്ള വിജയമാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയമായും സൈനികമായും ഇസ്‌ലാം ചിലപ്പോഴൊക്കെ പരാജയപ്പെട്ടുവെന്നുവരാം. അങ്ങനെയുള്ള ഒരു ചരിത്രദശയിലൂടെയാണ് ഇപ്പോൾ മുസ്‌ലിം സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നത്.

പക്ഷേ, ഇസ്‌ലാമിക തത്ത്വങ്ങൾ മറ്റു മതങ്ങളുടെയെല്ലാം തത്ത്വങ്ങളെ അപേക്ഷിച്ച് അതിന്റെ മൗലികമായ തെളിമയോടെ യുക്തിയുക്തതയോടെ അന്യൂനമായി നിലനിൽക്കുന്നു. ഹൈന്ദവ വേദങ്ങളിൽ ഏകദൈവത്വവും ബഹുദൈവത്വവും ഏതു ഏതിനെ മികച്ചുനിൽക്കുന്നു എന്നു പറയാനാവാത്തവിധം കൂടിക്കുഴഞ്ഞു കിടക്കുകയാണ്. വിദ്വാന്മാർക്ക് ഏകദൈവത്വം, പാമരന്മാർക്ക് ബഹുദൈവത്വം എന്ന മട്ടിലാണ് പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ. മുജ്ജന്മഫലമനുഭവിക്കാൻ മനുഷ്യൻ വീണ്ടും ജന്മമെടുത്തുകൊണ്ടിരിക്കുമെന്നും അവർ പറയുന്നു. കഴിഞ്ഞ ജന്മത്തിൽ താൻ ആരായിരുന്നുവെന്നോ എന്തൊക്കെ കർമങ്ങൾ ചെയ്തുവെന്നോ ആരും അറിയുന്നില്ല. ഈ ജന്മത്തിൽ അനുഭവിക്കുന്ന ഗുണദോഷങ്ങൾ കഴിഞ്ഞ ജന്മത്തിലെ ഏതേതു കർമങ്ങളുടെ ഫലങ്ങളാണെന്നും അറിയുന്നില്ല. എങ്കിൽ ജന്മാന്തരങ്ങൾക്ക് എന്തർഥം എന്ന സന്ദേഹത്തിനും വിശദീകരണമില്ല. ബൈബിൾ ഏകദൈവവിശ്വാസം പ്രസ്താവിക്കുമ്പോൾ ക്രൈസ്തവർ അടിയുറച്ചു വിശ്വസിക്കുന്നത് വേദവുമായി യാതൊരു ബന്ധവുമില്ലാത്ത ത്രിയേകത്വത്തിലാണ്. ഈസാ മസീഹ് ദൈവപുത്രനാണെന്നും പറയുന്നു. ഒരു സംഗതി ഒരേസമയം ഒരെണ്ണവും മൂന്നെണ്ണവുമാകുന്നതെങ്ങനെ? മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാനാവാത്ത സമസ്യയാണത്രെ അത്. യഹൂദർക്ക് യഹൂദ സമുദായം ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്. മറ്റു സൃഷ്ടികളൊക്കെയും അന്യരും. എല്ലാവരും യഹൂദർക്ക് വിധേയരായിരിക്കേണ്ടവർ. അവരെ സേവിക്കേണ്ടവർ. ധർമം, നീതി, ന്യായം, സത്യം തുടങ്ങിയ മൂല്യങ്ങളെല്ലാം യഹൂദർക്കിടയിൽ പാലിക്കേണ്ടതാണ്. മറ്റു ജനത്തോട് അതൊന്നും വേണമെന്നില്ല. ബ്രാഹ്മണരുടെ സിദ്ധാന്തവും ഏതാണ്ടിങ്ങനെയാണ്. ബുദ്ധമതം ആസ്തികമോ നാസ്തികമോ എന്ന കാര്യത്തിൽ ഇപ്പോഴും തർക്കമുണ്ട്. ചിലർ ബുദ്ധനെത്തന്നെ ദൈവമായി ആരാധിക്കുന്നു. ഇങ്ങനെ ഇസ്‌ലാം അല്ലാത്ത ഏതു മതത്തെ എടുത്തുനോക്കിയാലും അതിന്റെ അടിത്തറ ശിഥിലമായിരിക്കുന്നതായി കാണാം.

ഇസ്‌ലാം ആകട്ടെ അതിന്റെ ഒന്നാം നാളിൽ അവതരിപ്പിച്ചതും ഖുർആൻ ഊന്നിയുറപ്പിച്ചു പറയുന്നതുമായ ഏക ദൈവാദർശത്തിൽ ഇപ്പോഴും അടിയുറച്ചുനിൽക്കുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ ഒരു തരത്തിലുമുള്ള വിട്ടുവീഴ്ചക്കും തയാറാകാതെ, എല്ലാ അർഥത്തിലുള്ള ബഹുത്വത്തെ താത്ത്വികമായും പ്രായോഗികമായും അത് നിരാകരിക്കുന്നു. ബഹുദൈവവാദികളും ത്രിയേകത്വവാദികളുമെല്ലാം അടിസ്ഥാന സത്യം ഏകദൈവത്വമാണെന്ന് ഇന്ന് അംഗീകരിക്കുന്നുണ്ട്. ഈയൊരു കാര്യം തന്നെ ഇസ്‌ലാമിന്റെ തെളിഞ്ഞുനിർത്തത്തിന്റെ അല്ലെങ്കിൽ ജയിച്ചുനിർത്തത്തി-ظهور-ന്റെ വ്യക്തമായ നിദർശനമാണ്. നിഷ്പക്ഷമായി പരിശോധിച്ചു നോക്കുന്നവർക്ക് പ്രവാചകത്വം, പരലോകം, വിചാരണ, സ്വർഗ-നരകങ്ങൾ തുടങ്ങിയ തത്ത്വങ്ങളിലെല്ലാം ഇതേ യുക്തിപരതയും ലാളിത്യവും തെളിഞ്ഞുകാണാം. ഇസ്‌ലാമിന്റെ നിയമങ്ങൾ എടുത്തു നോക്കുക. ആരാധനാക്രമം മുതൽ സിവിൽ-ക്രിമിനൽ നിയമങ്ങൾ വരെ എല്ലാം മുഹമ്മദ് നബി അവതരിപ്പിച്ച അതേ മാതൃകയിൽ നിലനിൽക്കുന്നു. അന്നുണ്ടായിരുന്ന ആരാധനകളൊന്നും ഇന്നില്ലാതായിട്ടില്ല. അന്നില്ലാതിരുന്നതൊന്നും പുതുതായി ആവിഷ്കരിച്ചിട്ടുമില്ല. മദ്യം, പലിശ മുതൽ തുടങ്ങി പന്നിമാംസം വരെയുള്ളതെല്ലാം അന്നത്തെപ്പോലെ ഇന്നും നിഷിദ്ധമാണ്. ഈ നിഷിദ്ധതകളെയെല്ലാം അറിവിന്റെ വികാസം നാൾക്കുനാൾ ശരിവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പലിശയിലധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥ ലോകത്തെ അടക്കിവാഴുമ്പോഴും ഇസ്‌ലാം പലിശവിരോധത്തിൽ ഉറച്ചുനിന്നു. ഇത് മുസ്‌ലിംകളുടെ മതാന്ധതയും യാഥാസ്ഥിതികത്വവുമായി പരിഹസിക്കപ്പെട്ടിരുന്നു. എന്നാൽ പൊതുക്ഷേമത്തിനും നീതിയുക്തമായ വികസനത്തിനും വിഘാതമാകുന്ന ചൂഷണരീതിയാണ് പലിശ എന്ന് ആധുനിക സാമ്പത്തിക ശാസ്ത്രകാരന്മാർ ഇപ്പോൾ തുറന്നു സമ്മതിക്കുന്നുണ്ട്. മദ്യത്തിന്റെ അപകടകാരിതയിലാകട്ടെ പണ്ടേ ആർക്കും തർക്കമില്ല.

ബൈബിൾ പലിശയെ നിരോധിക്കുന്നുണ്ടെങ്കിലും ആധുനിക യഹൂദ-ക്രൈസ്തവ മതങ്ങൾ പലിശക്ക് എതിരല്ല. പലിശയുടെയും മദ്യത്തിന്റെയും മുഖ്യ ഉൽപാദകരും ഉപഭോക്താക്കളും അവരാണ്. ഇസ്‌ലാം പണ്ടേ സന്യാസം നിരോധിച്ചു. ചില ക്രൈസ്തവ വിഭാഗങ്ങൾ അതൊരു പുണ്യ ചര്യയായി കരുതി ആദരിച്ചു. പുരോഹിതന്മാരുടെ അഗമ്യഗമനം സഭക്ക് എന്നും വലിയ തലവേദനയാണ്. പോപ്പിനു തന്നെ പലേടത്തും ചെന്ന് മാപ്പു പറയേണ്ടിവരുന്നു. പാതിരിമാർക്ക് വിവാഹത്തിന് അനുമതി നൽകണമെന്ന ആവശ്യത്തിന് ശക്തി കൂടിക്കൊണ്ടിരിക്കുന്നു. ദമ്പതികൾക്ക് ഒത്തുപോകാനാകുന്നില്ലെങ്കിൽ വിവാഹമോചനമാകാമെന്ന് ഇസ്‌ലാം പറഞ്ഞു. സാഹചര്യം ആവശ്യപ്പെടുന്നുവെങ്കിൽ ഒരു പുരുഷന് ഒന്നിലേറെ വിവാഹവും അനുവദിച്ചു. ഇതൊക്കെ മഹാമോശമായി ചിത്രീകരിക്കപ്പെടുന്നുണ്ടെങ്കിലും ഇന്ന് മുസ്‌ലിം ലോകത്തെക്കാളേറെ വിവാഹമോചനം നടക്കുന്നത് അമുസ്‌ലിം ലോകത്താണ്. പുരുഷന്മാർ ഒരേ സമയം ഒന്നിലധികം സ്ത്രീകളെ സ്വീകരിക്കുന്നതും അവർക്കിടയിൽ തന്നെയാണ്- ആ ബന്ധം വിവാഹബാഹ്യമാണെന്നു മാത്രം. ഇന്ന് വിവാഹബാഹ്യ ബന്ധം സ്ത്രീകളിലേക്കും പടർന്നിരിക്കുകയാണ്. അതിനാൽ പല പാശ്ചാത്യ സമൂഹങ്ങളിലും പിതാക്കളില്ലാത്ത കുട്ടികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്.

لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ എന്ന വാക്യത്തെ രാഷ്ട്രീയവും സൈനികവുമായ വിജയം എന്ന അർഥത്തിലും മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. ഈ അർഥത്തിൽ രണ്ട് വ്യാഖ്യാനങ്ങളുണ്ട്. 1) അന്ത്യപ്രവാചകന്റെ നിയോഗലക്ഷ്യം ഹറം ഭൂമിയെ കൃത്രിമ മതങ്ങളിൽനിന്നെല്ലാം പരിശുദ്ധമാക്കി അവിടെ സത്യദീനിനെ മാത്രം വിജയകരമായി സ്ഥാപിക്കുകയും അങ്ങനെ അവിടം മുഴുലോകത്തിനും പ്രകാശത്തിന്റെ ഉറവിടമാക്കണമെന്ന ഇബ്‌റാഹീമി(അ)ന്റെ പ്രാർഥന സഫലമാക്കുകയും ചെയ്യുകയായിരുന്നു. വേദക്കാരും വിഗ്രഹാരാധകരും വായ കൊണ്ട് ഊതിയാൽ കെട്ടുപോകുന്നതല്ല ഈ വിജയം. അവരുടെ സകല ശ്രമങ്ങളെയും ശക്തികളെയും നിഷ്പ്രഭമാക്കിക്കൊണ്ട് ഈ ദീൻ അവിടെ മറ്റെല്ലാ ദീനുകളെയും ജയിച്ചു വാഴുകതന്നെ ചെയ്യും.

2) ദീനുൽ ഇസ്‌ലാം ലോകത്ത് സമ്പൂർണമായി ജയിച്ചുനിൽക്കുന്ന ഒരു കാലം വരും എന്ന പ്രവചനമാണിത്. ഇമാം മഹ്ദിയുടെ ആഗമനത്തിനും തുടർന്നുണ്ടാകുന്ന ഈസാ(അ)യുടെ പുനരാഗമനത്തിനും ശേഷം സത്യവിരുദ്ധ ശക്തികൾ പരാജയപ്പെടുമെന്നും ലോകം മുഴുവൻ സത്യവിശ്വാസികളാകുമെന്നും സർവത്ര നീതിയും ധർമവും സ്ഥാപിതമാകുമെന്നും ചില നിവേദനങ്ങളിൽ പറയുന്നുണ്ട്. അക്കാലത്താണ് ഇസ്‌ലാം മറ്റെല്ലാ ദീനുകളെയും അതിജയിച്ചു വാഴുക.

മഹ്ദിയുടെ ആഗമനത്തെക്കുറിച്ചോ ഈസാ(അ)യുടെ പുനരാഗമനത്തെക്കുറിച്ചോ ഖുർആൻ ഒന്നും പറഞ്ഞിട്ടില്ല. മഹ്ദിയുടെ ആഗമനം സംബന്ധിച്ച ഹദീസുകൾ മുഴുവൻ തന്നെ ദുർബലങ്ങളാണ്. ഈസാ(അ)യുടെ പുനരാഗമനം സംബന്ധിച്ച ചില ഹദീസുകളുടെ നിവേദക ശൃംഖല കുറ്റമറ്റതാണെങ്കിലും അവക്കിടയിൽ വൈരുധ്യങ്ങളുണ്ട്. ഈസായുടെ പുനരാഗമനം ഒരു പ്രകൃത്യതീത പ്രതിഭാസമാണ്. അതേക്കുറിച്ച് പ്രമാണങ്ങളിൽ പറയുന്നതിലപ്പുറം ഒന്നും പറയാനാവില്ല. പ്രമാണങ്ങളാവട്ടെ അവ്യക്തതയും വൈരുധ്യങ്ങളുമുള്ളതുമാണ്. മിക്ക പണ്ഡിതന്മാരും വിശ്വാസ തത്ത്വങ്ങളുടെ കൂട്ടത്തിൽ ഈസാ(അ)യുടെ പുനരാഗമനം ഉൾപ്പെടുത്തിയിട്ടില്ല. ഈസാ(അ)യുടെ പുനരാഗമനത്തിനു ശേഷമേ ലോകത്ത് ഇസ്‌ലാം സമ്പൂർണമായി വിജയിക്കൂ എന്നു കരുതി അക്കാര്യത്തിൽ മുസ്‌ലിംകൾ നിഷ്ക്രിയരാകാൻ പാടില്ലെന്ന് ഇമാം റശീദ് രിദാ പ്രസ്താവിച്ചിട്ടുണ്ട്. ഈസാ(അ)യുടെ ആഗമനം അതിനു മുമ്പുള്ള തലമുറകളുടെ ഉത്തരവാദിത്വത്തെ ഒരു നിലയിലും ബാധിക്കുന്നില്ല. ■